**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3639** **12-03-2025 - ൽ മറുപടിയ്ക്ക്**

**മിഠായി പദ്ധതിയുടെ ഉപകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടികളിലെ പ്രമേഹ ചികിത്സയ്ക്കായി സർക്കാർ ആരംഭിച്ച മിഠായി പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നാളിതുവരെ ആകെ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കുട്ടികളുടെ പ്രായവും തദ്ദേശ സ്ഥാപനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 18 വയസ്സിനു താഴെയുള്ള 119പേരും, 18 വയസ്സിനു മുകളിലുള്ള 90 പേരും ഉൾപ്പെടെ കോഴിക്കോട് ജില്ലയിൽ ആകെ 209 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല. |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ മിഠായി ക്ലിനിക്കിൽ ഇൻസുലിൻ മുടങ്ങുന്നതുമൂലം മിഠായി പദ്ധതിയിൽ ഉൾപ്പെട്ടവർ പുറത്തുള്ള മെഡിക്കൽ ഷോപ്പിൽ നിന്നും സ്വന്തമായി പണം കൊടുത്ത് ഇൻസുലിൻ വാങ്ങേണ്ടി വരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ)മുഖാന്തിരമാണ് ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കുന്നത്. ഇൻസുലിൻ കമ്പനികളിൽ നിന്നും കെ.എം.എസ് .സി.എലിന് ഇൻസുലിൻ ലഭിക്കുന്നതിന് സാങ്കേതിക തടസ്സം ഉണ്ടാകുമ്പോഴാണ് മിഠായി ക്ലിനിക്കുകളിൽ ചില സന്ദർഭങ്ങളിൽ ഇൻസുലിൻ ലഭിക്കാതിരിക്കുന്നത്.നിലവിൽ മിഠായി ക്ലിനിക്കുകളിൽ ഇൻസുലിൻ ലഭ്യമാണ്. |
| (സി) | വടകരയിൽ നിന്നും ഒന്നരമണിക്കൂറോളം കുട്ടികളുമായി യാത്ര ചെയ്തു കോഴിക്കോട് എത്തി ചികിത്സ തേടേണ്ടി വരുമ്പോൾ രക്ഷിതാക്കൾക്ക് വലിയ യാത്രാബുദ്ധിമുട്ടും യാത്രാചെലവും ഒരു ദിവസത്തെ ജോലി നഷ്ടവും ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന മിഠായി പദ്ധതിയുടെ കീഴിൽ ഓരോ ജില്ലകളിലും ഒന്ന് വീതം സംസ്ഥാനത്താകെ 14 മിഠായി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലായി 5 മിഠായി മെയിൻ ക്ലിനിക്കുകളും, മെയിൻ ക്ലിനിക്കുകളില്ലാത്ത ജില്ലകളിലെ താഴെ പറയുന്ന ആശുപത്രികളിൽ 9 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.<br><br>1.ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം<br><br>2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ<br><br>3. ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം<br><br>4.ഗവ.ജില്ലാ ആശുപത്രി,കോഴഞ്ചേരി, പത്തനംതിട്ട<br><br>5. ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി |

| | | | |
|---|---|---|---|
| | | | 6. ഗവ.ഡബ്ല്യു & സി ഹോസ്പിറ്റൽ, പാലക്കാട്<br><br>7.ഗവ.ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം<br><br>8. ഗവ.ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്<br><br>9.ഗവ.ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർകോട്<br><br>മിഠായി പദ്ധതിയുടെ മെയിൻ സെന്ററുകൾ എല്ലാ ദിവസവും, ഉപകേന്ദ്രങ്ങൾ രണ്ടാഴ്ചയിലൊരിക്കലുമാണ് പ്രവർത്തിച്ചുവരുന്നത്.മെയിൻ സെന്ററുകളിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള മെയിൻ സെന്ററിൽ ആകെ 209 കുട്ടികളാണ് ഗുണഭോക്താക്കളായിട്ടുള്ളത്.<br><br>ഒരു സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിന് ഏകദേശം 1,50,000 മുതൽ 2,00,000 രൂപ വരെ ചെലവ് വരുന്നുണ്ട്.ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ആരോഗ്യ വകുപ്പാണ് നൽകിവരുന്നത്.മിഠായി പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം അനുവദിച്ചത് മൂന്ന് കോടി എൺപതു ലക്ഷം ( 3,80,00,000/-) രൂപയാണ്. മരുന്നുകൾ , ഇൻസുലിൻ പമ്പ്, പമ്പ് കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനും, സ്റ്റാഫ് സാലറി, മെയിൻ ക്ലിനിക്കുകളുടെ നടത്തിപ്പ് ആവശ്യങ്ങൾ, മിഠായി വെബ് സൈറ്റ് മുതലായവക്കാണ് ഈ തുക ചെലവഴിക്കുന്നത്. ഇപ്പോൾ ലഭ്യമായിട്ടുള്ള തുക പതിനാല് ജില്ലകളിലും ഓരോ മിഠായി സേവനകേന്ദ്രം പ്രവർത്തിപ്പിക്കാൻ ഉതകുന്ന വിധത്തിലാണുള്ളത്.സർക്കാരിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിലും ആവശ്യകത പരിശോധിച്ചും കൂടുതൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ പണം അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ ആവശ്യം പരിശോധിക്കുന്നതാണ്. |
| (ഡി) | എങ്കിൽ വലിയ യാത്രാക്ലേശം അനുഭവിക്കുന്ന മലയോരമേഖലയായ വടകര മേഖലയിൽ നിന്നുള്ള കുട്ടികൾക്കായി വടകര ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന മിഠായി പദ്ധതിയുടെ കീഴിൽ ഓരോ ജില്ലകളിലും ഒന്ന് വീതം സംസ്ഥാനത്താകെ 14 മിഠായി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലായി 5 മിഠായി മെയിൻ ക്ലിനിക്കുകളും, മെയിൻ ക്ലിനിക്കുകളില്ലാത്ത ജില്ലകളിലെ താഴെ പറയുന്ന ആശുപത്രികളിൽ 9 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.<br><br>1.ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം<br><br>2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ |

| | | | | |
|---|---|---|---|---|
| | | | | 3. ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം<br><br>4.ഗവ.ജില്ലാ ആശുപത്രി,കോഴഞ്ചേരി, പത്തനംതിട്ട<br><br>5. ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി<br><br>6. ഗവ.ഡബ്ല്യു & സി ഹോസ്പിറ്റൽ, പാലക്കാട്<br><br>7.ഗവ.ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം<br><br>8. ഗവ.ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്<br><br>9.ഗവ.ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർകോട്<br><br>മിഠായി പദ്ധതിയുടെ മെയിൻ സെന്ററുകൾ എല്ലാ ദിവസവും, ഉപകേന്ദ്രങ്ങൾ രണ്ടാഴ്ചയിലൊരിക്കലുമാണ് പ്രവർത്തിച്ചുവരുന്നത്.മെയിൻ സെന്ററുകളിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള മെയിൻ സെന്ററിൽ ആകെ 209 കുട്ടികളാണ് ഗുണഭോക്താക്കളായിട്ടുള്ളത്.<br><br>ഒരു സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിന് ഏകദേശം 1,50,000 മുതൽ 2,00,000 രൂപ വരെ ചെലവ് വരുന്നുണ്ട്.ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ആരോഗ്യ വകുപ്പാണ് നൽകിവരുന്നത്.മിഠായി പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം അനുവദിച്ചത് മൂന്ന് കോടി എൺപതു ലക്ഷം ( 3,80,00,000/-) രൂപയാണ്. മരുന്നുകൾ , ഇൻസുലിൻ പമ്പ്, പമ്പ് കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനും, സ്റ്റാഫ് സാലറി, മെയിൻ ക്ലിനിക്കുകളുടെ നടത്തിപ്പ് ആവശ്യങ്ങൾ, മിഠായി വെബ് സൈറ്റ് മുതലായവക്കാണ് ഈ തുക ചെലവഴിക്കുന്നത്. ഇപ്പോൾ ലഭ്യമായിട്ടുള്ള തുക പതിന്നാല് ജില്ലകളിലും ഓരോ മിഠായി സേവനകേന്ദ്രം പ്രവർത്തിപ്പിക്കാൻ ഉതകുന്ന വിധത്തിലാണുള്ളത്.സർക്കാരിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിലും ആവശ്യകത പരിശോധിച്ചും കൂടുതൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ പണം അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ